*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

144th Issue - Volume 4, No. 25 ജാഗ്രത 29th July 2010

*******

"That every national and trans-national institution may strive to guarantee respect for human life from conception to natural death."

Pope Benedict XVI

*******

SAINT ALPHONSA



PRAY FOR US

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

നിയമവും ധാർമ്മികതയും:

കൃത്രിമ പ്രത്യുത്പാദന (നിയന്ത്രണ)ബില്ല്

മനുഷ്യജീവനെ വിൽപ്പനച്ചരക്കാക്കുന്നു

നിയമവും ധാർമ്മികതയും:

## കൃത്രിമ പ്രത്യുത്പാദന (നിയന്ത്രണ)ബില്ല് മനുഷ്യജീവനെ വിൽപ്പനച്ചരക്കാക്കുന്നു

Assisted Reporductive Technology (Regulation) Act 2010

കൃത്രിമ പ്രത്യുത്പാദന മാർഗ്ഗങ്ങളുടെ ദുരുപയോഗം തടയുന്നതിനും സുരക്ഷിതവും ധാർമ്മികവുമായ ഉപയോഗം ഉറപ്പു വരുത്തുന്നതിനുംവേണ്ടി കേന്ദ്രസർക്കാർ ഈ വർഷം പാർലമെന്റിൽ അവതരിപ്പിച്ചു പാസ്സാക്കാൻ ഉദ്ദേശിക്കുന്ന ബില്ലാണ് "വൈദ്യസഹായത്തോട് കൂടിയുള്ള പ്രത്യുത്പാദന മാർഗ്ഗങ്ങളുടെ (നിയന്ത്രണ)ബിൽ". Assisted Reporductive Technology (Regulation) Act 2010 എന്നാണ് ബിൽ അറിയപ്പെടുന്നത്. ഒമ്പത് അധ്യായങ്ങളിലായിട്ടാണ് ബിൽ തയ്യാറാക്കിയിരക്കുന്നത്. കൃത്രിമ പ്രത്യുത്പാദനത്തിന്റെ പോരായ്മകൾ, ദത്തെടുക്കലിന്റെ സാധ്യകൾ, വന്ധ്യതാ നിവാരണ ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾ, കടമകൾ എന്നിവയെക്കുറിച്ച് ഈ ബിൽ പ്രതിപാദിക്കുന്നു.

കഴിഞ്ഞ 20 വർഷമായി ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു വന്ധ്യതാനിവാരണം നടത്തുന്ന ചികിത്സാ കേന്ദ്രങ്ങൾ, മനുഷ്യ ശരീരത്തിനു പുറത്ത് അണ്ഡവും ബീജവും ഭ്രൂണവും കൈകാര്യം ചെയ്യുന്ന വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ, ബീജവും അണ്ഡവും ദാതാക്കളിൽ നിന്നും ശേഖരിച്ചു സൂക്ഷിക്കുന്ന ക്ലിനിക്കുകൾ, തുടങ്ങിയ നിരവധി കൃത്രിമ പ്രത്യുത്പാദനമാർഗ്ഗങ്ങൾ നിലവിലുണ്ട്. അവയെ ഇതുവരെ നിയമം മൂലം നിയന്ത്രിച്ചിരുന്നില്ല. ഇന്ത്യയിൽ വളരെ വ്യാപകമായി നടക്കുന്ന കൃത്രിമ ബീജദാനവും (Intra-Utrinal Insemination) ഐ.വി.എഫും (In Vitro Fertilization) ബീജവും അണ്ഡവും ഭ്രൂണവും ശരീരത്തിനു പുറത്ത് യഥേഷ്ടം കൈകാര്യം ചെയ്യുന്നവയാണ്. ഒരാളുടെ ഭ്രൂണം ഉദരത്തിൽ സ്വീകരിച്ച് പത്തുമാസം കുഞ്ഞിനെ ഉദരത്തിൽ വഹിച്ച്, പ്രസവിച്ച് ഉടമസ്ഥർക്ക് തിരിച്ചു കൊടുക്കുന്ന വാടക മാതാവിന്റെ സേവനം ഇന്ന് ലഭ്യമാണ്. ഈ രംഗത്തെ ദുരുപയോഗങ്ങളും സുരക്ഷിതത്വമില്ലായ്മയും കൈകാര്യം ചെയ്യുന്നതിന് ഒരു നിയമം ഉണ്ടാക്കപ്പെടുന്നത് നല്ലതാണ്. എന്നാൽ ഈ ബില്ലിന്റെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ ഈ രംഗത്തെ അധാർമ്മിക നടപടികളെ നിയന്ത്രിക്കുന്നതിനുപകരം ഈ രംഗത്ത് വളർന്നു വന്നിട്ടുള്ള പല അധാർമ്മിക പ്രവർത്തനങ്ങൾക്കും നിയമപരമായ സാധൂകരണം നല്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് കാണുന്നത്.

"സമൂഹത്തിന്റെ പൊതുനന്മയും ഭദ്രതയും ലക്ഷ്യമാക്കി ജനങ്ങളുടെ പ്രവർത്തനങ്ങളും പെരുമാറ്റങ്ങളും അധികാര ശക്തി ഉപയോഗിച്ച് നിയന്ത്രിക്കുക" എന്നതാണ് നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. പൗരബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം നീതിബോധത്തിലധിഷ്ഠിതമായ ജീവിതത്തെ രൂപപ്പെടുത്തേണ്ടതെങ്ങനെയെന്ന് അനുശാസിക്കുന്നതും നിയമത്തിന്റെ ധർമ്മാണ്. നിയമവും ധാർമ്മിക മൂല്യങ്ങളും തമ്മിൽ വളരെ അടുത്ത ബന്ധമാണുള്ളത്. Morality എന്ന വാക്കിന് ധർമ്മനിഷ്ഠ, സന്മാർഗ്ഗബോധം, സദാചാരം എന്നെല്ലാം അർത്ഥമുണ്ട്. നിയമം ധാർമ്മികതയോട് ചേർന്ന് പോകേണ്ടതുണ്ടെങ്കിലും എല്ലാ നിയമങ്ങളും സമൂഹത്തിന്റെ ധാർമ്മിക ബോധവുമായി താദാത്മ്യം പ്രാപിക്കുന്നില്ല. കൃത്രിമ പ്രത്യുത്പാദന ബില്ലും ധാർമ്മികതയുമായി ഒത്തുപോകുന്ന ഒന്നല്ല എന്ന് പറയേണ്ടി വരുന്നു.

മനുഷ്യജീവനെ ഈ നിയമം വിൽപ്പനച്ചരക്കാക്കുന്നു. കുടുംബ ജീവിതത്തിന്റെ ഭദ്രത, കെട്ടുറപ്പ്, കുടുംബമൂല്യങ്ങൾ എന്നിവയെ സംരക്ഷിക്കുവാൻ ഈ ബിൽ തയ്യാറാകുന്നില്ല. വിവാഹജീവിതത്തിനും, ദാമ്പത്യ ബന്ധങ്ങൾക്കും ഈ ബിൽ പ്രധാന്യം കൊടുക്കുന്നില്ല. വിവാഹം കഴിക്കാതെ ഒന്നിച്ചു ജീവിക്കുന്നവർക്കും ഒറ്റക്ക് ജീവിക്കുന്നവർക്കും കൃത്രിമ പ്രത്യുത്പാദനത്തിലൂടെ കുഞ്ഞുങ്ങളുടെ ഉടമകളാകാം. ഭ്രൂണത്തെ ഒരു വസ്തുവായിമാത്രം ഈ ബിൽ പരിഗണിക്കുന്നു. ഗർഭസ്ഥ ശിശുവിന്റെ മേൽ പരീക്ഷണം നടത്താനും മനുഷ്യജീവനെ യഥേഷ്ടം കൃത്രിമമായി ഉത്പാദിപ്പിച്ച് വിപണനം നടത്താനും ഉദ്ദേശിച്ചു തയ്യാറാക്കിയിരിക്കുന്ന ഈ ബില്ലിൽ അധാർമ്മികതയുടെ അപകടവഴികളുണ്ട്.

ഒരു വ്യക്തിയുടെ ജീവിതത്തിൽ 40 ശതമാനം പാരമ്പര്യഘടകങ്ങൾക്കും (Traditional factors) 60 ശതമാനം പരിസ്ഥിതി ഘടകങ്ങൾക്കും (Environmental factors) സ്വാധീനം ചെലുത്താനാകുമെന്നാണ് മനഃശാസ്ത്രം കണ്ടെത്തിയിട്ടുള്ളത്. ഈ ബിൽ പ്രകാരം അണ്ഡവും ബീജവും മറ്റൊരാളുടേതാകുമ്പോൾ മാതാപിതാക്കളുമായി ജനിതക വൈരുദ്ധ്യമുള്ള മക്കളാകും ജനിക്കാനിടവരിക. പണം കൊടുത്തുവാങ്ങുന്ന ബീജവും അണ്ഡവും കൊലപാത

കിയുടെയോ കള്ളന്റെയോ ദുർമാർഗ്ഗിയുടേതോ ആകാം. വളർത്തച്ഛന്റെയും വളർത്തു മാതാവിന്റെയും അല്ലാത്ത തികച്ചും വ്യതിരിക്തമായ സ്വഭാവം കുഞ്ഞ് കാണിക്കും.

60 ശതമാനം പരിസ്ഥിതി ഘടകങ്ങൾ (Environmental factors) വ്യക്തിയുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തുമ്പോൾ ജനികമാതാവ് (അണ്ഡം ദാനം ചെയ്യുന്ന സ്ത്രീ) ഗർഭസ്ഥ ശിശുവിനെ ഉദരത്തിൽ വഹിച്ചു പ്രസവിക്കുന്ന അമ്മ, വളർത്തു മാതാവ് (കുഞ്ഞിന്റെ അവകാശി) ഇത് മൂന്നും വ്യത്യസ്ഥമാകുന്നു. ശിശുവിന്റെ പരിസ്ഥിതിക ഘടകങ്ങളും വ്യത്യസ്ഥമാകുന്നു. ഇത് കുട്ടികളെ ചിന്താക്കുഴപ്പത്തിലാകും. ശാരീരിക- മാനസിക - ബുദ്ധിപരമായ വളർച്ചയുടെ താളം തെറ്റി കുട്ടികൾ മനോരോഗികളായി മാറാം. മനുഷ്യക്കുഞ്ഞുങ്ങളെ മൃഗക്കുഞ്ഞുങ്ങളാക്കി മാറ്റുന്നതാണീ നിയമം.

ആധുനിക മനഃശാസ്ത്രം കുട്ടികളുടെ സ്വഭാവ രൂപീകരണം ഗർഭപാത്രത്തിൽ വച്ചാരംഭിക്കുന്നു എന്നാണ് പഠിപ്പിക്കുന്നത്. 50 ശതമാനം വരെ ഒരു വ്യക്തിയുടെ വ്യക്തിത്വ രൂപീകരണം ഗർഭപാത്രത്തിൽ നടക്കുന്നുവെങ്കിൽ ഈ ബിൽ പ്രകാരമുള്ള കുട്ടികളുടെ വ്യക്തിത്വം വൈകല്യങ്ങൾ പേറുന്നതായിരിക്കും. ഭാര്യഭർത്താക്കന്മാരുടെ മനോഭാവങ്ങൾ പോലും കുട്ടികളുടെ വ്യക്തിത്വ വളർച്ചയിൽ പ്രധാനമാണ്. ദമ്പതിമാരുടെ സ്നേഹ നിർഭരമായ ലൈംഗിക വേഴ്ചയുടെ ഫലമായിട്ടല്ല ഇത്തരം കുഞ്ഞുങ്ങളുടെ ജനനം. ഗർഭപാത്രം വാടകയ്ക്ക് എടുക്കുമ്പോൾ വാടകമാതാവിന് കുട്ടിയോട് താത്പര്യവും ആഭിമുഖ്യവും ഉണ്ടാകണമെന്നില്ല. ഗർഭപാത്രം വാടകയ്ക്ക് എടുക്കുന്നത് യഥാർത്ഥ മാതൃസ്നേഹത്തിനും ദാമ്പത്യ വിശ്വസ്തതയ്ക്കും എതിരാണ്. വാടക മാതാവിന്റെ ആരോഗ്യസ്ഥിതി, മാനസികനില ഇവയെല്ലാം കുട്ടിയെ ബാധിക്കും. പണമുണ്ടാക്കുക എന്നതാണ് വാടക മാതാവിന്റെ ലക്ഷ്യം. ഇതെല്ലാം കുട്ടിയുടെ വ്യക്തിത്വത്തെ ബാധിക്കുന്നു. മാതാപിതാക്കളുമായി ജനിതക ബന്ധമില്ലാതെ പിറക്കുന്ന മക്കൾ ദാമ്പത്യത്തിന്റെ ഐക്യത്തിനും (Unity of marriage) മാഹാത്മ്യത്തിനും എതിരായിരിക്കും.

ഭാര്യഭർത്താക്കന്മാരുടെ ദാമ്പത്യ ധർമ്മാനുഷ്ഠാനങ്ങളിലൂടെയല്ലാതെ, കുടുംബ സാഹചര്യത്തിലൂടെയല്ലാതെ പിറക്കുന്ന മക്കൾ മൂല്യങ്ങളിൽ അടിയുറച്ച് വളരാൻ സാധിക്കാത്തവരാകും. അണ്ഡബീജങ്ങൾ വാടകയായി മാറുമ്പോൾ സ്നേഹം ഘനീഭവിച്ച നിർവ്വികാരമായ കുറെ ആൾ രൂപങ്ങളാകും ഇവിടെ സൃഷ്ടിക്കപ്പെടുക. ഇത്തരം കുട്ടികൾ ഭയം, കുറ്റബോധം, നിരാശ, അപകർഷബോധം തുടങ്ങിയ നിഷേധാത്മകമായ വികാരങ്ങൾക്ക് വിധേയരായിരിക്കും. വലിയ മാനസിക സമ്മർദ്ദങ്ങൾക്ക് ഈ കുട്ടികൾ വിധേയരാവുകയും മദ്യത്തിനും മയക്കുമരുന്നിനും വഴിവിട്ട ലൈംഗിക ബന്ധങ്ങളിലൂടെ കുത്തഴിഞ്ഞ ജീവിതം നയിക്കുന്നതിനും ഇടവരുകയും ചെയ്യും. ഗർഭകാലപരിരക്ഷയും യഥാർത്ഥ മാതാപിതാക്കളുടെ സ്നേഹവും ശ്രദ്ധാപരിചരണവും ലഭിക്കാത്തതുകൊണ്ട് അനേകം മനോജന്യ രോഗങ്ങളുടെയും പെരുമാറ്റ വൈകല്യങ്ങളുടെയും അടിമകളായി ഇത്തരം കുട്ടികൾ മാറിയേക്കാം. ദാമ്പത്യേതര ബന്ധങ്ങളിലെ കുട്ടികൾ ഹൈപ്പർ ആക്ടിവിറ്റി ഡിസോഡർ (ADHD) ലേണിംഗ് ഡിസെബിലിറ്റി (LD) പോസ്റ്റ് ട്രോമാറ്റിക് സ്ട്രസ്സ് (PTSD) ബൈപോളാർ ഡിപ്രഷൻ തുടങ്ങിയ മനോവൈകല്യക്കാരാണെന്ന് ഗവേഷണ പഠനങ്ങൾ തെളിയിക്കുന്നു.

കുടുംബബന്ധങ്ങളിലൂടെയല്ലാതെ പിറന്നുവീഴുന്ന പുതുതലമുറയെ ഏറെ ഭയപ്പാടോടെയാണ് സാമൂഹിക ശാസ്ത്രജ്ഞന്മാർ കാണുന്നത്. വിവാഹജീവിതത്തിന് പുറത്തുനിന്ന് കുട്ടികൾ ജനിക്കുന്നതിന്റെ ഫലമായി യഥാർത്ഥ കുടുംബബന്ധങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. യഥാർത്ഥ പിതാവും മാതാവും ആരെന്ന് പറയാതിരിക്കുന്നതും സ്വന്തം മാതാവിൽ പിറക്കാനുള്ള അവകാശത്തെ നിഷേധിക്കുന്നതും മൗലികാവകാശ ലംഘനമാണ്. സ്വന്തം പിതാവിൽ നിന്നും മാതാവിൽ നിന്നും സ്നേഹം ലഭിക്കാതെ ജനിക്കാനിടയാകുന്ന കുട്ടികൾ കുടുംബഭദ്രതയ്ക്കും സാമൂഹിക ജീവിതത്തിന്റെ ഭാവിക്കും അപകടകാരിയായേക്കാം.വന്ധ്യതാ നിവാരണത്തിന് ഇന്ന് ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്നതും വളരെ ചെലവേറിയതുമായ ഐ.വി.എഫ് (In Vitro Fertilization) രീതിയിലെ ഏറ്റവും ഗൗരവമേറിയ ധാർമ്മിക പ്രശ്നം മനുഷ്യ ഭ്രൂണങ്ങളെ യഥേഷ്ടം ഉത്പാദിപ്പിക്കുകയും ഉപയോഗിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്. മനുഷ്യ ഭ്രൂണങ്ങൾ ബീജസങ്ക ലനത്തിന്റെ ആദ്യ നിമിഷം മുതൽ എല്ലാ സംരക്ഷണവും അർഹിക്കുന്ന മനുഷ്യജീവനായതുകൊണ്ട് അവയെ നശിപ്പിക്കുന്നതും പരീക്ഷണവിധേയമാക്കുന്നതും വെറും ജൈവ പദാർത്ഥമായി പരിഗണിക്കുന്നതും അധാർമ്മികമാണ്. ടെസ്റ്റ്ടൂബിലുള്ള ബീജസങ്കലനത്തിലൂടെ അനേകം ഭ്രൂണങ്ങളാണ് നിർമ്മിക്കപ്പെടുന്നത്. അവ പിന്നീടുള്ള ഉപയോഗത്തിന് ശീതീകരിച്ചു വയ്ക്കുന്നു. ശീതീകരണ പ്രക്രിയയിലും തുടർന്നും ഭ്രൂണങ്ങൾ നശിച്ചുപോകും.

ഇവ ഉപയോഗിക്കുന്നില്ലെങ്കിൽ 5 വർഷം കഴിഞ്ഞ് നശിപ്പിച്ചുകളയാം. ഇതിനെല്ലാം ബിൽ അനുമതി നല്കുനുണ്ട്. ശീതീകരിച്ചു വയ്ക്കുന്ന ഭ്രൂണങ്ങളിൽ 40 ശതമാനം വരെ നശിച്ചു പോകാനിടയുണ്ട്. മനുഷ്യഭ്രൂണത്തെ മനുഷ്യജീവനായി കണക്കാക്കുമ്പോൾ അവയെ നശിപ്പിച്ചു കളയുന്നത് ധാർമ്മികമായി അംഗീകരിക്കാനാവില്ല.

ഈ ബിൽ പരോക്ഷമായി ഭ്രൂണങ്ങളിലെ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നു. ഭ്രൂണങ്ങളെ നശിപ്പിച്ചു കൊണ്ടുള്ള ഗവേഷണങ്ങൾ അതിന്റെ ലക്ഷ്യം എത്ര നല്ലതായാലും സാധൂകരിക്കാനാവില്ല. ഈ ബിൽ ഗർഭഛിദ്രത്തെ പ്രോത്സാഹിപ്പിക്കുകയോ ലാഘവബുദ്ധിയോടെ കാണാൻ ഇടവരുത്തുകയോ ചെയ്യുന്നുണ്ട്. മൂന്നോ നാലോ ഭ്രൂണങ്ങൾ ഈ നിയമം വഴി അമ്മയുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കാം. അവയിൽ നിന്ന് ആവശ്യമുള്ളവ നിലനിർത്തി മറ്റുള്ളവയെ നശിപ്പിക്കാൻ കഴിയും. ജീവനക്ഷമമായ അത്തരം ഭ്രൂണങ്ങൾ നശിപ്പിക്കപ്പെടുന്നതും പ്രത്യക്ഷമായ ഗർഭഛിദ്രമാണ്. മരിച്ച ഭർത്താവിന്റെ നേരത്തെ ശേഖരിച്ചു വച്ചിരിക്കുന്ന ബീജത്തിൽ നിന്നും ഭാര്യക്ക് കുഞ്ഞ് ജനിച്ചാലും അത് ആ ദമ്പതിമാരുടെ നിയമാനുസൃത കുഞ്ഞായി പരിഗണിയ്ക്കുമെന്നാണ് ബിൽ പറയുന്നത്. ഇതൊക്കെ പിന്നീട് പിതാവ് ആരെന്ന തർക്കത്തിനൊക്കെ വഴിവയ്ക്കും. വിവാഹം കഴിക്കാത്തവർക്കും സ്വവർഗ്ഗഭോഗികൾക്കും ഒക്കെ കുട്ടികളുടെ ഉടമസ്ഥരാകാൻ ഈ ബിൽ വഴിയൊരുക്കുന്നു. ഇത്തരം കുട്ടികളുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ അപകടമണികൾ മുഴങ്ങുന്നതു കേൾക്കാം.

അണ്ഡ-ബീജദാതാക്കൾക്കും വാടക മാതാക്കൾക്കും വേണ്ടി പരസ്യം ചെയ്യാനും അത്തരം വ്യക്തികളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി പ്രതിഫലം നല്കാനും അണ്ഡവും ബീജവും ശേഖരിച്ചുവയ്ക്കാനും ആവശ്യക്കാർക്ക് വിൽപന നടത്താനും വേണ്ടി ബാങ്കുകൾ (ART Banks) നടത്താനും ഈ ബിൽ അനുമതി നല്കുന്നു. ഒരു പുരുഷന് 75 പ്രാവശ്യം ബീജം നല്കാനും ഒരു സ്ത്രിക്ക് 6 പ്രാവശ്യം അണ്ഡം നല്കുവാനും സാധിക്കും. 5 പ്രാവശ്യം വാടകമാതാവ് ആകുവാനും നിയമം അനുമതി നല്കുന്നു. വ്യക്തികൾക്കോ ദമ്പതിമാർക്കോ വാടക മാതാവിന്റെ സേവനം തേടാൻ അനുമതി നല്കുന്ന ഈ ബിൽ അതിനായി വാടകമാതാവിന് തക്കതായ പ്രതിഫലം സ്വീകരിക്കുവാനും അനുമതി നല്കുന്നു. വാടക മാതാവിനെ കണ്ടെത്താൻ പരസ്യം ചെയ്യുവാനും അനുവാദമുണ്ട്. വാടകമാതാവിലൂടെ ജനിക്കുന്ന കുട്ടികൾക്ക് അംഗവൈകല്യമുണ്ടായാലും ഏർപ്പാട് ചെയ്ത ദമ്പതിമാർ അതിനെ സ്വീകരിക്കണം. ഈ പ്രക്രിയകളെല്ലാം സങ്കീർണ്ണവും അനാരോഗ്യകരവുമായ പ്രശ്നങ്ങൾക്ക് വഴിതെളിക്കും.

ഒരു മനുഷ്യ ശിശു സാങ്കേതിക വിദ്യയുടെ സഹായത്തോടെ രൂപം കൊള്ളുന്നതും ആർക്കും വാങ്ങിക്കാവുന്ന ഒരു നിർമിത വസ്തുവാകുന്നതും ശരിയല്ല. സാങ്കേതിക വിദ്യകൾ ഒരിക്കലും വിവാഹ ജീവിതത്തിന്റെ ലക്ഷ്യത്തിന് പകരം നിൽക്കുന്നതാകരുത്. മറിച്ച് ദാമ്പത്യ ബന്ധത്തെ സഹായിക്കാനുള്ള സ്വാഭാവിക മാർഗ്ഗങ്ങളുടേതാ കണം. വന്ധ്യത സ്വഭാവികമായി പരിഗണിക്കാനുള്ള മാർഗ്ഗങ്ങൾക്കാണ് ഗവേഷണത്തിൽ മുൻതൂക്കം നല്കേണ്ടത്. ആരോഗ്യരംഗത്തെ സാങ്കേതിക വിദ്യകൾ ഇതിനനുസൃതമായി രൂപപ്പെടുത്തണം. ധാർമ്മികനിയമങ്ങൾ ലംഘിക്കാത്ത വന്ധ്യതാ പരിഹാരമാർഗ്ഗങ്ങൾ ദമ്പതിമാർക്ക് സ്വീകരിക്കുവാൻ ഇടവരുത്തണം. ഹോർമോൺ ചികിത്സാ, രോഗ ബാധിത അണ്ഡവാഹിനിക്കുഴലുകൾ ശസ്ത്രക്രിയയിലൂടെ നീക്കൽ തുടങ്ങിയ ദാമ്പത്യ ബന്ധത്തിന് പോറലേൽപ്പിക്കാത്ത, കുടുംബ ബന്ധങ്ങളെ തകർക്കാത്ത മാർഗ്ഗങ്ങളും ചികിത്സയുമാണ് അധാരമാക്കേണ്ടത്. ഭ്രൂണത്തെ മനുഷ്യനായി പരിഗണിക്കാത്ത, ഫാക്ടറിയിൽ കോഴിക്കുഞ്ഞുങ്ങളെ നിർമ്മിക്കും പോലെ മനുഷ്യക്കുഞ്ഞുങ്ങളെ നിർമ്മിക്കുന്ന, മൃഗസൃഷ്ടി നടത്താനിടവരുത്തുന്ന ഈ ബില്ല് അധാർമ്മികമാണ്, അപടകമാണ്. വേണ്ടത്ര തിരുത്തലും ചർച്ചയും പുനരാലോചനയും ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റും മനുഷ്യസ്നേഹികളും നടത്തണം.

തയ്യാറാക്കിയത്: അഡ്വ. ചാർളി പോൾ


**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA


********